**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4207     21/07/2015-ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ ജൈവ-കാർഷിക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**<br>**,, എം. ഹംസ**<br>**,, എ. പ്രദീപ്കുമാർ**<br>**,, എസ്.ശർമ്മ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) 2012-13 ൽ പ്രഖ്യാപിക്കപ്പെട്ട സമ്പൂർണ്ണ ജൈവ-കാർഷിക പദ്ധതി ഇപ്പോൾ നടത്തിപ്പിന്റെ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;<br><br>ബി) പദ്ധതി പ്രഖ്യാപിച്ച് മൂന്നേകാൽ വർഷമായിട്ടും ഇതുവരെ എത്രത്തോളം ലക്ഷ്യം കണ്ടിട്ടുണ്ട് ; | എ) & ബി) 2014-15-ൽ ആണ് സമ്പൂർണ്ണ ജൈവ-കാർഷിക പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. ഇപ്പോൾ ഈ പദ്ധതി കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും നടപ്പിലാക്കി വരുന്നു. 20 – 60 ശതമാനം വരെ പദ്ധതിയുടെ നടത്തിപ്പ് പുരോഗമിച്ചിട്ടുണ്ട്. ഇതിന്റെ കീഴിൽ ത്രിതല പഞ്ചായത്തുകളും കൃഷി വകുപ്പും, ബന്ധപ്പെട്ട വകുപ്പുകളും സംയുക്തമായി യോഗങ്ങൾ ചേർന്ന് പദ്ധതി നടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ എടുക്കുകയും. നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി ജൈവ കൃഷി പ്രോത്സാഹനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. |
| സി) പ്രസ്തുത പദ്ധതി പ്രഖ്യാപിക്കപ്പെട്ടപ്പോൾ സംസ്ഥാനത്തെ എന്നത്തേക്ക് ജൈവ കാർഷിക സംസ്ഥാനമായി മാറ്റാനാണ് ലക്ഷ്യമിട്ടിരുന്നത് എന്നറിയിക്കാമോ; പ്രസ്തുത ലക്ഷ്യം നേടാനായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | സി) സംസ്ഥാനത്തെ 2016-ഓടെ സമ്പൂർണ്ണ ജൈവ-കാർഷിക സംസ്ഥാനമാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. |
| ഡി) പ്രസ്തുത പദ്ധതിക്കായി വിവിധ ഘട്ടങ്ങളിലായി എന്ത് തുക അനുവദിക്കപ്പെട്ടു എന്നും അതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ? | ഡി) പ്രസ്തുത പദ്ധതിയ്ക്കായി തുക അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**